(ഡി) സംസ്ഥാന സർക്കാർ ഏറ്റെടുത്ത പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിലെ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിലെ അഡ്മിനിസ്ട്രേറ്റീവ്/മിനിസ്റ്റീരിയൽ/മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ സംസ്ഥാന സർവ്വീസിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരാൻ ധാരണയായിട്ടുണ്ട്. ഇത്തരം ജീവനക്കാർ ഇ.എസ്.ഐ. കോർപ്പറേഷനിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ ആനുകൂല്യങ്ങളും (ശമ്പളം, അലവൻസുകൾ, പ്രൊമോഷൻ മുതലായവ) നഷ്ടപ്പെടാതെ തന്നെയായിരിക്കും ഇവരുടെ അന്യത്ര സേവന നിയമനം. സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഓപ്ഷൻ നൽകുന്ന ജീവനക്കാർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ പാരിപ്പള്ളി മെഡിക്കൽ കോളേജിൽത്തന്നെ തുടരാവുന്നതാണ്. അല്ലാത്തപക്ഷം അവർക്ക് ഉചിതമായി നിയമനം ഇ.എസ്.ഐ. കോർപ്പറേഷൻ നൽകുന്നതാണ്.

സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സാ സംവിധാനം

111(811) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മെഡിക്കൽ കോളേജുകളാണ് സർക്കാരിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നത്; അവ ഏതെല്ലാം;

(ബി) ഈ മെഡിക്കൽ കോളേജുകളിൽ സ്റ്റാനിംഗിനും മറ്റും നിലവിലുള്ള സൗകര്യങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജുകളുടെയും മറ്റ് സർക്കാർ ചികിത്സാ സംവിധാനങ്ങളുടെയും പേരായ്മ സംബന്ധിച്ച് ദൃശ്യ മാധ്യമങ്ങൾ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ അദ്ധ്യയനം നടക്കുന്ന 9 മെഡിക്കൽ കോളേജുകൾ സർക്കാരിന്റെ ഉടമസ്ഥതയിൽ ഉണ്ട്. അവ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി, മഞ്ചേരി, എറണാകുളം, പട്ടികജാതി വികസനത്തിന്റെ കീഴിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് മെഡിക്കൽ കോളേജ് എന്നിവയാണ്. ഇതുകൂടാതെ ഇ.എസ്.ഐ. കോർപ്പറേഷന് കീഴിലുള്ള പാരിപ്പള്ളി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന കോന്നി മെഡിക്കൽ കോളേജും തിരുവനന്തപുരം ജി.എച്ച്. കൃാമ്പസ് മെഡിക്കൽ കോളേജും സർക്കാർ ഉത്തരവായിട്ടുള്ളവയാണ്.

(ബി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ സ്ഥാനിംഗിനുവേണ്ടി അൾട്രാ സൗണ്ട് സ്കാനർ, സി.റ്റി. സ്കാനർ, എം.ആർ.ഐ. തുടങ്ങിയ സംവിധാനങ്ങൾ പ്രവർത്തിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു എം.ആർ.ഐ. സ്കാനറും രണ്ട് സി.റ്റി. സ്കാനറും വാങ്ങാനുള്ള നടപടികൾ നടന്നുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 16 സ്ലൈസ് സി.റ്റി. സ്കാനർ വാങ്ങാനുള്ള നടപടികളും പുരോഗമിക്കുന്നു. മറ്റ് മെഡിക്കൽ കോളേജുകളിലും എച്ച്.എൽ.എൽ.-ലുമായി സഹകരിച്ച് കൂടുതൽ എം.ആർ.ഐ. സ്കാനറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്.

രാത്രികാല പോസ്റ്റ്മോർട്ടം

112(812) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ രാത്രി പോസ്റ്റ്മോർട്ടം നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവ് ഇറങ്ങിയതെന്നും ഏതു ആശുപത്രികളിൽ ഇതനുസരിച്ച് രാത്രി പോസ്റ്റ്മോർട്ടം നടന്നിരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് സ്റ്റേ ചെയ്തതെന്നും ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഫോറൻസിക് വിദഗ്ധരുടെ എത്ര തസ്തികകളുണ്ടെന്നും ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ; ഈ ഒഴിവുകൾ നികത്താൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly